# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.05.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യപ്രദേശിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

2. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ചൂടിലേക്ക്, പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

3. സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ആലപ്പുഴ, എറണാകുളം, കണ്ണൂർ,

4. കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത, മത്സ്യബന്ധനത്തിന് വിലക്ക്.

5. കാലവർഷത്തിൽ സംസ്ഥാനത്ത് വ്യാപക നാശനഷ്ടം, വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ്.

6. ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ കടന്ന് മുംബൈ ഇന്ത്യൻസ്. നാളെ പഞ്ചാബ് കിംഗ്സിനെ നേരിടും.

RNUTVPM

**************************************************************

## പ്രധാനമന്ത്രി-മധ്യപ്രദേശ്

പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യപ്രദേശ് സന്ദർശിക്കുന്നു. ലോക്മാതാ ദേവി അഹല്യഭായ് ഹോൾക്കറുടെ 300-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, ഭോപ്പാലിൽ നടക്കുന്ന ലോക്മാതാ ദേവി അഹല്യഭായ് മഹിളാ സശക്തികരൺ മഹാസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. മധ്യപ്രദേശിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു.

*****************************

## ദൗത്യ സംഘം - ശശി തരൂർ

ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാനിന്റെ നയം ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനായി നിയോഗിച്ച 7 സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ പര്യടനം തുടരുന്നു. കോൺഗ്രസ് എംപി ശശി തരൂരിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം കൊളംബിയയുടെ വിദേശകാര്യ ഉപമന്ത്രിയെ കണ്ടു. ഇന്ത്യയെ ശക്തമായി പിന്തുണയ്ക്കുന്നതായി കൊളംബിയൻ മന്ത്രിമാർ തനിക്ക് ഉറപ്പ് നൽകിയതായി ശശി തരൂർ അറിയിച്ചു.

RNU TVPM

*****************************

## നിലമ്പൂർ - ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചരണ ചൂടിലേക്ക്. സ്ഥാനാർഥി പ്രഖ്യാപനത്തിന് ശേഷം ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എൽഡിഎഫ് സ്ഥാനാർഥി എം സ്വരാജ് മണ്ഡലത്തിൽ എത്തി. എം സ്വരാജ് വരണാധികരിക്ക് മുമ്പാകെ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തും ഇന്ന്

പത്രിക സമർപ്പിക്കും. ഇരു സ്ഥാനാർത്ഥികളുടെയും പ്രചാരണം പുരോഗമിക്കുകയാണ്.

*****************************

## നിലമ്പൂർ - പി വി അൻവർ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മൽസരിക്കാനോ യുഡിഎഫിൽ ചേരാനോ ഇല്ലെന്ന് പി.വി.അൻവർ. ഇനി ആരും തന്നെ ചർച്ചയ്ക്ക് വിളിക്കരുതെന്നും അൻവർ മാധ്യമങ്ങളോട് പറഞ്ഞു. നിലമ്പൂരിൽ ആർക്ക് വോട്ട് ചെയ്യണമെന്ന് ജനം തീരുമാനിക്കട്ടെയെന്നും സിപിഎമ്മുമായി ഒരു ചർച്ചയ്ക്കും ഇല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*****************************

## രമേശ് ചെന്നിത്തല

യു ഡി എഫ് തീരുമാനം പാർട്ടി കൺവീനർ പി വി അൻവറിനെ അറിയിച്ചതായാണ് വിവരമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു. പി വി അൻവർ UDF നെ അംഗീകരിക്കണമെന്നും ആരും അവഗണിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

*****************************

## ഗണേശ് കുമാർ

മോട്ടോർ വാഹന വകുപ്പിൽ അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയ പതിനാലാം ബാച്ച് ഓഫീസർമാരുടെ പാസിംഗ് ഔട്ട് പരേഡിനെ മന്ത്രി കെ ബി ഗണേശ് കുമാർ അഭിസംബോധന ചെയ്തു. ആവശ്യവുമായി എത്തുന്നവർക്ക് സേവനം ചെയ്യാന് സന്നദ്ധമായിരിക്കണമെന്നും അവരുടെ

സമയത്തിന് വിലനല്കണമെന്ന് പറഞ്ഞ മന്ത്രി ഉദ്യോഗസ്ഥർ ഓരോ ദിവസവും സ്വന്തം നിലയിൽ അറിവ് നേടിക്കൊണ്ടേയിരിക്കണമെന്നും പറഞ്ഞു.

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴ തുടരും. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. വരും മണിക്കൂറിൽ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്നും നിർദേശമുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി, കൊല്ലം, കോട്ടയം ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്.

RNU TVPM

*****************************

## തിരുവനന്തപുരം - മഴ (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ തുടരുന്നു. തുടർച്ചയായി പെയ്യുന്ന കനത്ത മഴയിലും കാറ്റിലും മലയോര മേഖലയിലും തീരപ്രദേശങ്ങളിലും ഉൾപ്പടെ വ്യാപക നാശനഷ്ടമുണ്ടായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.....

(വോയിസ്)

*****************************

തൃശ്ശൂർ - മഴ

തൃശ്ശൂരിൽ ശക്തമായ മഴ തുടരുന്നു. പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. ജില്ലയിൽ ഏഴ് ക്യാമ്പുകളിലായി 64 പേരെ മാറ്റിപ്പാർപ്പിച്ചു. നാല് വീടുകൾ പൂർണ്ണമായും 177 വീടുകൾ ഭാഗീകമായും തകർന്നു. തീരദേശ മേഖലയിൽ നിരവധി വീടുകൾ വെള്ളത്തിലായി. ദേശീയപാതയിലെ ഗതാഗത കുരുക്കും രൂക്ഷമാവുകയാണ്. വാഴാനി ഡാമിൽ നിന്ന് അധികജലം ഒഴുക്കുന്നതിനാൽ വടക്കാഞ്ചേരി പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യത. സമീപവാസികൾ ജാഗ്രത പുലർത്തണം എന്നും മുന്നറിയിപ്പുണ്ട്.

*****************************

ആലപ്പുഴ - മഴ (ഇൻട്രോ)

ആലപ്പുഴയിൽ ശക്തമായ മഴ തുടരുന്നു. പ്രധാന നദികളുടെയെല്ലാം ജലനിരപ്പ് ഏഴടിയോളം ഉയർന്നിട്ടുണ്ട്. മഴ പൊതുഗതാഗതത്തെയും സാരമായി ബാധിച്ചു.

**വിശദാംശങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി ആർ രവികുമാർ...**

(വോയിസ്)

*****************************

RNU TVPM

## പ്രളയ മുന്നറിയിപ്പ്

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല, കാസർഗോഡ് ജില്ലയിലെ ഉപ്പള, നീലേശ്വരം, മൊഗ്രാൽ, ഷിറിയ എന്നീ നദികളിൽ ഓറഞ്ച് ജാഗ്രത നിലനിൽക്കുന്നു. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്

******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ “നല്ല വാർത്ത” എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

******************************

## മോഹൻലാൽ (ഇൻട്രോ)

ആകാശവാണി തിരുവനന്തപുരം നിലയം സന്ദർശിച്ച് മലയാളത്തിന്റെ നടന വിസ്മയം മോഹൻലാൽ. തന്റെ ബാല്യകാലത്തെ റേഡിയോ ഓർമ്മകൾ ആകാശവാണിയുമായി പങ്കുവയ്ക്കുന്ന മോഹൻലാലിന്റെ വാക്കുകളിലേക്ക്...

(ഹോൾഡ് വോയ്സ്........)

പരിപാടി ജൂൺ 8 ന് ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യും.

*****************************

## പാലക്കാട്-കാട്ടാന ആക്രമണം-മരണം

പാലക്കാട് അട്ടപ്പാടിയിൽ കാട്ടാന ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വയോധികൻ മരിച്ചു. ചീരക്കടവ് സ്വദേശി മല്ലനാണ് മരിച്ചത്.

*****************************

## കഞ്ചിക്കോട് കാട്ടാന

കഞ്ചിക്കോട് ജനവാസ മേഖലയിൽ ഭീതി പടർത്തുന്ന കാട്ടാനയെ കാടുകയറ്റാൻ നടപടി തുടങ്ങി. ധോണിയിൽ നിന്നും വനം വകുപ്പ് എത്തിച്ച അഗസ്ത്യൻ എന്ന കുങ്കിയാനയും ദൗത്യത്തിൽ പങ്കെടുക്കുന്നു.

RNU TVPM

*****************************

## വയനാട് വാട്ടർ എടിഎം (ഇൻട്രോ)

വാട്ടർ എറ്റിഎമ്മുമായി വയനാട് മാനന്തവാടിയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്. വിപണിയിൽ ലിറ്ററിന് 20 രൂപയുള്ള കുടിവെള്ളത്തിന് ലിറ്ററിന് ഒരുരൂപ മാത്രമാണ് ഇവർ ഈടാക്കുന്നത്.

**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

*****************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ കടന്ന് മുംബൈ ഇന്ത്യൻസ്. ഗുജറാത്ത് ടൈറ്റൻസിനെ 20 റൺസിന് പരാജയപ്പെടുത്തിയാണ് നേട്ടം. നാളെ നടക്കുന്ന രണ്ടാം ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സാണ് മുംബൈയുടെ എതിരാളി. ജൂൺ 3 നാണ് ഫൈനൽ.

*****************************

## ഏഴിമല നാവിക അക്കാദമി

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് നടന്നു. 187 കേഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്. ഇതിൽ 42 പേർ വനിതാ കേഡറ്റുകളാണ്. ബംഗ്ലാദേശ്, ശ്രീലങ്ക, ടാൻസാനിയ, തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ആറുപേരും അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കി.

RNU TVPM

*****************************

## വയനാട് വാഹനാപകടം

വയനാട് കമ്പളക്കാട് പള്ളിമുക്ക് സിനിമാളിന് സമീപം റോഡരികിൽ നിന്ന യുവതി ജീപ്പിടിച്ച് മരിച്ചു. കമ്പളക്കാട് സ്വദേശിനി ദിൽഷാനയാണ് മരിച്ചത്. ബത്തേരി സെന്റ് മേരീസ് കോളേജ് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനിയാണ്.

*****************************

## ആലപ്പുഴ - മരണം

ആലപ്പുഴ ഹരിപ്പാട് പള്ളിപ്പാട്ട് മീൻ പിടിക്കാൻ പോയ യുവാവ് വെള്ളത്തിൽ വീണ് മരിച്ചു. പിലാപ്പുഴ സ്വദേശി സ്റ്റീവ് ആണ്

മരിച്ചത്. രാത്രി രണ്ട് മണിയോടെ ഫൈബർ വള്ളം മറിഞ്ഞാണ് അപകടം.

*****************************

## കണ്ണൂർ - മൃതദേഹം കണ്ടെത്തി

കണ്ണൂർ കൂത്തുപറമ്പിനടുത്ത് പാട്യം മുതിയങ്ങയിൽ തോട്ടിൽ വീണ് കാണാതായ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. മുതിയങ്ങ സ്വദേശി നളിനിയാണ് മരിച്ചത്. അഗ്നിരക്ഷാ സേന നടത്തിയ തെരച്ചിലാണ് മൃതദേഹം കണ്ടെത്തിയത്.

*****************************

## ഐ എൻ എസ് ദ്വീപ് രക്ഷക്

ലക്ഷദ്വീപിലെ ഇൻഡ്യൻ നാവിക സേന ആസ്ഥാനമായ INS Dweep rakshak ന്റെ പൊതുജന സമ്പർക്ക പരിപാടികളുടെ ഭാഗമായി കവരത്തി ദ്വീപിലെ മത്സ്യ തൊഴിലാളികൾക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ജീവൻ രക്ഷാ ഉപകരണങ്ങളും വിതരണം ചെയ്തു. തീരദേശങ്ങളുടെ സുരക്ഷാ നിരീക്ഷണങ്ങളിൽ നിർണ്ണായക സേവനങ്ങൾ നൽകി വരുന്ന മത്സ്യ തൊഴിലാളികളെ ചടങ്ങിൽ ആദരിച്ചു.

*

**************

*******************************************

PRD TVPM